**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 92      28-11-2018 -ൽ മറുപടിക്ക്

## പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | പ്രളയവുമായി ബന്ധപ്പെട്ട് ലഭ്യമായ കേന്ദ്രസർക്കാർ സഹായങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) | പ്രളയവുമായി ബന്ധപ്പെട്ട് കേരളത്തിന് 89540 MT അരിയും 12000 KL മണ്ണെണ്ണയും അധികമായി കേന്ദ്രം അനുവദിച്ചിരുന്നു. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും അടിയന്തിര സഹായമായി 600 കോടി രൂപ ലഭ്യമായിട്ടുണ്ട്. ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 50,000/- രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 1800 കോടി രൂപയുടെ 50 തൊഴിൽ ദിനങ്ങൾ 2018-2019 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഹോർട്ടി കൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 9339.50 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനം ആവശ്യപ്പെട്ട തുക എത്രയെന്ന് വെളിപ്പെടുത്താമോ? | ബി) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ (NDRF) നിലവിലെ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാർ രണ്ട് ഘട്ടങ്ങളിലായി 5616.7 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ